"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ഉഷ.എ.റ്റി-യുടെ മകളായ ശ്രീമതി.ഗ്രീഷ്മ.കെ.എസ്-ന് ആശ്രിതനിയമനപ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(കൈ) നം.35/2022/LSGD തീയതി,തിരുവനന്തപുരം, 23-02-2022

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ(അച്ചടി) 12/99/ഉഭപവ.
2. ശ്രീമതി.ഗ്രീഷ്മ.കെ.എസ് സമർപ്പിച്ച 29.03.2021-ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 29.06.2021-ലെ ഇ2/7407/21/സി.ഇ.എസ്./സിഇ/എൽ.ഐ.ഡി & ഇഡബ്ല്യു നം. കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 22.01.2022-ലെ ഇ5-425013/2021 നം. കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് II ആയിരിക്കേ 02.06.2020-ൽ മരണപ്പെട്ട ഉഷ.എ.റ്റി-യുടെ മകളായ ശ്രീമതി.ഗ്രീഷ്മ.കെ.എസ് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതയുടെ ആകെ സേവനകാലം 16 വർഷവും 10 മാസവും 23 ദിവസവും ആണ്.

2.അപേക്ഷകയുടെ ജനനതീയതി 20.05.1991 ആകയാൽ ടിയാൾക്ക് ഇപ്പോൾ 30 വയസ്സുണ്ട്. ടിയാൾ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൾ സെക്കന്ററി, ഹയർ സെക്കന്ററി പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും എറണാകുളം ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3,4 പ്രകാരം ശ്രീമതി.ഗ്രീഷ്മ.കെ.എസ്-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീമതി.ഗ്രീഷ്മ.കെ.എസ്-ന്റെ പിതാവായ ശ്രീ.സുദർശനൻ.കെ.കെ, സഹോദരി ശ്രീമതി.ശിൽപ.കെ.എസ് എന്നിവർ അപേക്ഷകയ്ക്ക് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി.ഗ്രീഷ്മ.കെ.എസ്, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ ടിയാളുടെ പിതാവിനെയും സഹോദരിയെയും ജീവിതകാലം മുഴുവൻ സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സമ്മതമൊഴി ഹാജരാക്കിയിട്ടുണ്ട്. പരേതയുടെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം 2,06,160/-രൂപ (രണ്ട് ലക്ഷത്തി ആറായിരത്തി നൂറ്റി അറുപത് രൂപ മാത്രം) ആണ് എന്ന് എറണാകുളം ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസിയർ ഗ്രേഡ് II തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ഉഷ.എ.റ്റി-യുടെ മകളായ ശ്രീമതി.ഗ്രീഷ്മ.കെ.എസ്-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ എറണാകുളം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതയുടെ സർവീസ് ബുക്കിലും, പരേത ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ

മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5.തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാൾക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. എറണാകുളം ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1.ശ്രീമതി.ഗ്രീഷ്മ.കെ.എസ്, കായൽനികത്തിൽ വീട്, കോട്ടുവള്ളി, കൈതാരം.പി.ഒ, പരവൂർ, എറണാകുളം - 683519.(രജിസ്റ്റേർഡ് തപാൽ മുഖേന).
2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (പരേതയായ ഉഷ.എ.റ്റി-യുടെ സർവീസ് ബുക്ക് സഹിതം).
3.ജില്ലാ കളക്ടർ, എറണാകുളം.
4.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
5.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6.പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Sreekanth G
Date: 23-02-2022 17:30:06
സെക്ഷൻ ഓഫീസർ